'കല കലക്കുവേണ്ടി' എന്ന വാദം ഇന്ന് ഏറെക്കുറെ കുറഞ്ഞുവരുന്നുണ്ട്, അതു ഇനിയും വേരുറച്ച് നിൽക്കുന്നത് ചില യാഥാസ്ഥികന്മാരിൽ മാത്രമാണ്. എന്നാൽ പിന്നെ കല എന്തിന്നുവേണ്ടിയാണ്? എന്ന ചോദ്യത്തിന്നു മറുപടികിട്ടാതെ പലരും കുഴങ്ങുന്നുണ്ട്. മനുഷ്യസ്വാതന്ത്ര്യത്തിന്നും, അഭിപ്രായവ്യത്യാസത്തിന്നും പടവെട്ടുന്ന നാം എല്ലാവിധ അഭിപ്രായങ്ങളും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണല്ലൊ. സാഹിത്യകലയെ സംബന്ധിച്ചും നമുക്കു പര്യാലോചിച്ചു നോക്കാം.

ലോകം അനുനിമിഷം വളൎന്നുകൊണ്ടുവരികയാണ്. പുരാതനകാലത്തു നടപ്പിൽ ഇരുന്നിരുന്ന സാമുദായികാചാരങ്ങളും, സാഹിത്യങ്ങളുമാണ് ഇന്നും എന്ന് ഒരു വ്യക്തിയും പറയുമെന്നുതോന്നുന്നില്ല. സമുദായം പല പരിവൎത്തനങ്ങൾക്കും ശേഷമാണ് ഇന്നത്തെ നിലയിൽ എത്തിയിരിക്കുന്നത്. ചരിത്രത്തിന്റെ ഏടുകൾ പിന്നോട്ട് മറിച്ചുനോക്കുക. ഭാരതചരിത്രത്തിൽ ബ്രാഹ്മണസമുദായം മററു സമുദായങ്ങളുടെ മേൽ അധികാരവും, മർദനങ്ങളും നടത്തിയ കാലങ്ങൾ, പാശ്ചാത്യദേശത്താണെങ്കിൽ കുബേരന്മാർ, സഹജീവികളെ അതെ, മനുഷ്യരെ—കുബേരന്മാരുടെ മർദ്ദനങ്ങൾക്ക് വശംവദരായിരുന്ന ആ ജനങ്ങളെ കമ്പോളങ്ങളിൽ മററുസാധനങ്ങളുടെ കൂട്ടത്തിൽ വില്പാൻ കൊണ്ടുപോയി നിൎത്തിയിരുന്ന ആ കാലങ്ങൾ ഇന്ന് നാം കാണുന്നുണ്ടോ. ബ്രാഹ്മണരുടെ അടിമകളായി ജീവിച്ചുവന്നിരുന്ന നാം അന്ന് വിധിയെക്കുറിച്ചും അതിന്റെ വ്യാപ്തിയെക്കുറിച്ചും കൂടുതൽ വിശ്വസിച്ചിരുന്നു. കുറച്ചുകാലത്തിന്നുശേഷം ഈ അടിമത്തത്തിന്റെ വേരറുത്തുകളവാൻ വേണ്ടിയാണ് ബുദ്ധമതവും, ജൈനമതവും ആവിർഭവിച്ചത്. ഇതേവിധത്തിൽ പാശ്ചാത്യരാജ്യത്തിലെ പള്ളിഉദ്യോഗസ്ഥന്മാരുടേയും, മതപ്രചാരകരുടേയും പിടിയിൽനിന്നും പുറത്തുവരുവാൻ അവിടത്തെ ജനങ്ങൾ സമരംചെയ്തതും നാം നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ട്. ഇതെല്ലാം നമ്മെ അടിമത്തത്തിൽനിന്നും കുറച്ചെങ്കിലും മോചിപ്പിച്ച് പുരോഗമിപ്പിക്കുകയാണ് ചെയ്തത്.

ശാസ്ത്രീയമായും, സാഹിത്യപരമായും ഓരോ ദേശത്തിന്നും ഈ നിലയിൽ തന്നെയാണ് വളർച്ചയുണ്ടായിട്ടുള്ളത്. ബ്രാഹ്മണേതരസമുദായക്കാർക്ക് വിദ്യാഭ്യാസംപോലും നിരോധിച്ചിരുന്ന ആ കാലത്തിൽനിന്നു നാം എത്രയോ അധികം ഇന്നു മുമ്പോട്ടുപോയിരിക്കുന്നു. ആ പുരോഗതി ഇന്ന് ഏതു സാഹിത്യത്തിലും നമുക്ക് കാണ്മാൻ സാധിക്കും. ഇന്ന് ശാസ്ത്രത്തിന്റെ പ്രധാന ലക്ഷ്യം യുദ്ധമാണെന്ന് വന്നിട്ടുണ്ട്. പുരാതനകാലത്തു നമുക്ക് മാനസികചിന്തകളിൽക്കൂടിയുള്ള വിമാനത്തിലേ

പോകുവാൻ സാധിച്ചിരുന്നുള്ളുവെങ്കിൽ ഇന്ന് നമുക്ക് ദേഹത്തെയും ദേഹിയേയും തന്നെ ചുമന്നുകൊണ്ടുപോകാവുന്ന വിമാനങ്ങൾ ശാസ്ത്രത്തിന്റെ പുരോഗതിയിൽ നാം നിർമ്മിച്ചു. ഇവയെ നാശകരവേലകൾക്ക് ഉപയോഗിക്കുന്നതിനെ മക്കടൻ കൈയിൽ കിട്ടിയ മാല ഉപയോഗിക്കുന്നതിനോട് ഉപമിക്കാവുന്നതാണ്. എത്രയോ നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന നല്ല സാധനങ്ങൾ പൂർവ്വികന്മാരുടെ പാരമ്പര്യമുഖേന മനുഷ്യന്റെ കൈയിൽ കിട്ടുമ്പോൾ അവയെല്ലാം എത്രയും നികൃഷ്ടമായ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നു. ഇതിൽ ശാസ്ത്രത്തിനേയോ, സാഹിത്യത്തേയോ കുറ്റപ്പെടുത്തുന്നതിൽ യാതൊരു അർത്ഥവുമില്ല. ശാരീരകമായി ഒരു സമുദായത്തെ നശിപ്പിക്കുവാൻ ശാസ്ത്രത്തിന്ന് കഴിയുമെങ്കിൽ ആത്മീയമായി നശിപ്പിക്കുന്നതിന്ന് സാഹിത്യത്തിന്നും സാദ്ധ്യമാകും. സാഹിത്യം ജർമ്മനിയിൽ ആത്മീയനാശത്തിന്ന് സഹായിച്ചിട്ടുണ്ടെങ്കിൽ, റഷ്യയിൽ ആത്മീയ പുരോഗത സാധിച്ചിട്ടുമുണ്ട്. ഇത്ത് രണ്ടും സാധിപ്പിച്ചത് പുരോഗമനസാഹിത്യമാണെങ്കിലും, ഇക്കാരണംകൊണ്ട് പുരോഗമനസാഹിത്യം ഫാസിസമോ, കമ്മ്യൂനിസമോ ആണെന്ന് പറയുന്നത് തെറ്റാണ്. ഇങ്ങിനെ പരസ്പരവിരുദ്ധതയ്ക്കു കാരണം ഉദ്ദേശങ്ങളുടെ നികൃഷ്ടതയായിരിപ്പാനേ തരമുള്ളു. ഓരോ നാട്ടിലും ആ രാജ്യത്തിന്റെ സാഹചര്യങ്ങളനുസരിച്ച് വിവിധലക്ഷ്യങ്ങളെ ഉദ്ദേശിച്ചായിരിക്കും സാഹിത്യത്തിന്റെ പുരോഗതി. എപ്പോഴും സാഹിത്യത്തിന്ന് ഒരു ലക്ഷ്യം വേണമെന്നത് സംശയമറ്റ സംഗതിയാണ്. ഈ ലക്ഷ്യത്തിന്റെ ഗുണത്തെയും ദോഷത്തേയും ആസ്പദിച്ചിരിക്കും ഒരു രാജ്യത്തിലെ സാഹിത്യത്തിന്റെ വളർച്ച.

സാഹിത്യം ജീവിതത്തോട് ചേർന്നിരിക്കുകയോ ബന്ധപ്പെട്ടിരിക്കുകയോ ചെയ്യേണ്ടതാണ്. അതാത് കാലത്തെ ജീവിതരീതിയേയും സാമുദായികാചാരങ്ങളേയും വിമർശിച്ച് അതാതിന്റെ ചീത്ത വശങ്ങളെ ചൂണ്ടിക്കാട്ടി ജനങ്ങളെ നല്ല നിലയിലേക്ക് ഉയർത്തിക്കൊണ്ടുപോകുന്ന സാഹിത്യമാണ് യഥാർത്ഥസാഹിത്യം. സാഹിത്യത്തിനെ അതിന്ന് ഉപയോഗിക്കുന്ന കവിയാണ് യഥാർത്ഥകവി. നമ്മുടെ പൂർവ്വകാലകവികളുടെ സാഹിത്യങ്ങൾ തന്നെ ഇതിന്ന് സാക്ഷ്യം വഹിക്കുന്നുണ്ട്. കുഞ്ചൻനമ്പ്യാരുടെ ഓട്ടൻതുള്ളൽ മുഖേന അന്നത്തെ സമുദായാചാരങ്ങളിലുള്ള ചീത്ത ഭാഗങ്ങളെ അദ്ദേഹം എത്ര നല്ലവണ്ണം ചിത്രീകരിച്ച് ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്തു. ഏതുകാലത്തും സമുദായത്തിന്റേയും, രാജ്യത്തിന്റേയും പുരോഗതിക്കുവേണ്ടി സാഹിത്യത്തെ ഉപയോഗിക്കുന്ന ഒരു സാഹിത്യകാരനേ സമുദായത്തിൽ സ്ഥാനമുണ്ടായിരുന്നുള്ളു. ആങ്ഗലകവിയായ ടെനിസൺ തന്നെ പറയുന്നത് നോക്കുക.

And here the singer for his art
Not all in vain may plead
The song that nerves a nation's heart
Is in itself a deed.

നമുക്ക് ഇന്ന് സാഹിത്യത്തിൽ വരുത്തേണ്ടുന്ന പുരോഗതിയെന്താണെന്ന് നോക്കുക. നാം ഇന്ന് പാരതന്ത്ര്യത്തിന്റേയും, പട്ടിണിയുടേയും, പാമരതയുടേയും നടുവിൽ കിടന്നു വട്ടം തിരിയുകയാണ്. പാരതന്ത്ര്യമായ ഭാരതീയ ജീവിതത്തിന്ന് വികാസവും, വൈവിദ്ധ്യവും വേണമെന്ന് ആഗ്രഹിക്കുന്നവക്ക് കലയിൽ ദേശീയ ബോധത്തേയും, സ്വാതന്ത്ര്യവാഞ്ഛയേയും ഉൾക്കൊള്ളിക്കണമെന്ന് തോന്നാതിരിക്കുകയില്ല. എന്നാൽ ഇന്ന് നമ്മുടെ സകലവിധ കഷ്ടപ്പാടുകളേയും, നരകയാതനകളേയും, മറന്ന് പ്രേമഗായകന്മാരായി കഴിയുന്ന കവികൾ ഇന്നും നമ്മുടെ നാട്ടിൽ ദുർല്ലഭമല്ല. അവക്ക് പരിതസ്ഥിതി അവയിലേക്കു മാത്രമേ പ്രചോദനം നൽകുന്നുള്ളുപോലും. പ്രേമഗായക കവിതകളേയും, കവികളേയും ഞാൻ അപലപിക്കണമെന്നല്ല ഉദ്ദേശിക്കുന്നത്. അതു് പാടില്ലല്ലോ. പക്ഷെ ഒന്ന് എനിക്ക് ധൈര്യത്തോട് കൂടി പറയാം. ഇന്ന് ഭാരതത്തേയും ഭാരതജനതയേയും സേവിക്കുന്ന ഒരു സഹൃദയന്ന് യോജിച്ചതല്ല ഈവിധത്തിലുള്ള പ്രേമാലാപങ്ങൾ. ഈവിധത്തിലേ തനിക്ക് തന്റെ കലയെ പരിപോഷിപ്പിക്കുവാൻ സാധിക്കുള്ളുവെങ്കിൽ അതു് അതിന്റെ കാലത്തേക്ക് നീട്ടിവെക്കുന്നതായിരിക്കും ഉത്തമം. പ്രേമഗായകകവിയുടെ പ്രേമഗാനങ്ങൾക്ക് വിലയില്ലേ? എന്നുള്ള ചോദ്യത്തെ മുട്ടിക്കാൻ തക്ക ഉത്തരം ഉണ്ട്. പ്രേമഗായകകവിയെന്ന് തീർപ്പ് കല്പിച്ച ചങ്ങമ്പുഴയുടെ "രമണൻ" പതിമുവ്വായിരം കോപ്പികളോളം അടിച്ച് വില്പന ഉണ്ടായി എന്ന് പറയുന്നത് വാസ്തവമാണ്. പക്ഷെ അതിന്ന് മറെറാരു ഭാഗം ഉണ്ട്, അത് മനുഷ്യനെ അധഃപതിപ്പിച്ചേക്കുമോ എന്ന്. അടിമത്തത്തിൽ ഇരിക്കുന്ന ഒരുത്തൻ പ്രേമഗീതങ്ങൾ പാടി രസിക്കുന്നതായി നിങ്ങൾക്ക് കാണ്മാൻ സാധിച്ചുവെങ്കിൽ തീർച്ചയായും ആ വ്യക്തിക്കു ഭ്രാന്താശുപത്രിയിലെ ബലമുള്ള മതിൽകെട്ടിന്നുള്ളിൽ സുരക്ഷിതമായി വെച്ചിട്ടുള്ള, എപ്പോഴും പാട്ടു പാടുന്ന ഒരു ഭ്രാന്തനോടായിരിക്കും സാദൃശ്യം തോന്നുക. ചങ്ങമ്പുഴയെ ഒരിക്കലും ഞാൻ ഇതിൽ കുററപ്പെടുത്തുന്നില്ല. അദ്ദേഹവും ചുററുപാടുകളെ കാണുകയും അവയ്ക്കനുസരിച്ച കവിതകൾ എഴുതുകയും ചെയ്യുന്നുണ്ടെന്നതു ആശാജനകംതന്നെ. ചെറുകഥാ സാഹിത്യത്തിലും ഇതേസ്ഥിതിയാണ് നാം കാണുന്നത്. നമ്മുടെ ചെറുകഥാപ്രസ്ഥാനം വാസ്തവത്തിൽ ഇപ്പോൾ എത്തിയിരിക്കുന്നത് ഒരു സ്തംഭനാവസ്ഥയിൽ ആണ്. ചെറുകഥാകൃത്തുകളായ എസ്. കെ. പൊറേറക്കാട്ടും മററും ഇപ്പോൾ തീരെ മൌനം പൂണ്ടിരിക്കുകയാണ്. എന്താണ് ഇതിന്നു കാരണം. മററ് ഒന്നുമല്ല റൊമാൻസുകൾകൊണ്ട് നിറഞ്ഞ നമ്മുടെ ചെറുകഥാപ്രസ്ഥാനം ഇന്ന് റൊമാൻസിന്റെ എല്ലാ ഭാഗവും സ്പർശിച്ചതിന്ന് ശേഷം വിജയകാഹളം മുഴക്കി ഇരിക്കുകയാണ്. ഒന്ന് ആലോചിച്ചുനോക്കു, ഒരു സ്ത്രീയേയും ഒരു പുരുഷനേയും പ്രേമത്തിന്റെ പേരിൽ എത്ര രീതിയിൽ വേഷം കെട്ടിക്കാമെന്ന്. ഒരിക്കൽ ഒരു സ്ത്രീയിൽ നിന്നുതന്നെ കേൾപ്പാ

ൻ സാധിച്ചു "എന്ത്, ഇപ്പോഴത്തെ ചെറുകഥകൾ ഒക്കെയും ഒരു സ്ത്രീയും, ഒരു പുരുഷനും തിരിഞ്ഞുമറിഞ്ഞ് ഒടുവിൽ വിവാഹം ചെയ്യുന്നതായി കാണിക്കുന്നു." എന്ന്. ശരിയല്ലേ അത്. എന്നാൽ ഇന്ന് നാം ചെറുകഥാപ്രസ്ഥാനത്തിൻെറ നല്ല ഭാഗങ്ങളെ സ്പർശിക്കാതെയാണ് കിടക്കുന്നത് എന്നു പറഞ്ഞാൽ ഒരുപക്ഷെ ചെറുകഥാകൃത്തുക്കൾ മുഖം ചുളിച്ചേക്കാം. നമ്മുടെ ഗ്രാമങ്ങളിലും, പട്ടണങ്ങളിലും തന്നെ നടക്കുന്ന എന്തെല്ലാം സംഭവങ്ങൾ, മനുഷ്യസമുദായത്തിന്ന് എന്നെന്നേക്കും മറക്കുവാൻകൂടി കഴിയാത്ത എത്രയെത്ര സംഭവങ്ങൾ നമുക്ക് ചെറുകഥാരൂപത്തിൽ കൊണ്ടുവരാം. ഇനിയും ചെറുകഥാകാരന്മാർ അവയെപ്പററി ചിന്തിപ്പാൻ തുടങ്ങിയിട്ടില്ലെന്നത് വ്യസനകരംതന്നെ.

ഇങ്ങിനെയെല്ലാമാണെങ്കിലും നമ്മുടെ സാഹിത്യത്തിന്നും പുരോഗതി ഉണ്ടായിട്ടു്. സ്വാതന്ത്ര്യസംഘടനയായ കോൺഗ്രസ്സിൻെറ ചരിത്രാരംഭത്തോടുകൂടി നമ്മുടെ സാഹിത്യത്തിലും ചില മാററങ്ങൾ വന്നിട്ടുണ്ട്. വള്ളത്തോൾ, ശങ്കരക്കുറുപ്പ് മുതലായ മലയാളസാഹിത്യകാരന്മാരുടെ പരിശ്രമത്താൽ നമുക്കും സ്വാതന്ത്ര്യവാഞ്ഛയേയും, ദേശിയബോധത്തേയും, സാഹിത്യങ്ങൾ മുഖേന പ്രചരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഈ പുരോഗമനപരമായ കവിതകൾ അവരുടെ മററു കവിതകളേക്കാൾ തുലോം മോശമായിട്ടുണ്ടെന്ന് ചിലക്ക് അഭിപ്രായമുണ്ട്. ഈ അഭിപ്രായത്തെ ഖണ്ഡിക്കുവാൻ മുതിരുന്നപക്ഷം അതു് നീണ്ട ഒരു ലേഖനത്തിന്ന് കാരണമായേക്കും. അതുകൊണ്ട് ഈ സന്ദഭം ഞാൻ അതിന്ന് ഉപയോഗിക്കുന്നില്ല.

ആദ്യത്തിൽ നമ്മുടെ മലയാള ഭാഷയിലെ പുരോഗമനസാഹിത്യകാരന്മാക്ക് ചില തെററുകൾ പററിയിട്ടുണ്ടെന്ന് പറയുവാൻ ഞാൻ മടിക്കുന്നില്ല. അവക്ക് ആദ്യത്തിൽപ്പററിയ വലിയ ഒരു തെററ് അവർ എങ്ങോട്ടാണ് പുരോഗമിക്കേണ്ടതെന്നും, എന്താണ് പുരോഗമിപ്പിക്കേണ്ടതെന്നും നിശ്ചയമില്ലാതെ ഇരുന്നതാണ്. അവക്ക് ദൃഢവും, വ്യക്തവുമായ ഒരു ലക്ഷ്യം ഇല്ലാതിരുന്നതാണ്. പിന്നെ പാശ്ചാത്യരെ നേരെ ഇങ്ങോട്ടു് പകത്തുവാൻ നോക്കിയതാണ്. അവിടെയും ഒരു തെററുപ്പററി. പാശ്ചാത്യർതന്നെ പുരോഗമന സാഹിത്യം വളത്തിയത് രെബൺ മുതലായ വിപ്ലവസാഹിത്യകാരന്മാർ ചാസിൻേറയും, ഓമറിൻേറയും കൃതികളെ ചുട്ടുകരിച്ചിട്ടല്ല, എപ്പോഴും പഴയതിൽകൂടിയെ പുതിയത് സൃഷ്ടിക്കുവാൻ സാദ്ധ്യമാകൂ. പഴയതിൻെറ ചീത്തവശങ്ങളെ എടുത്തുകളഞ്ഞാണ് നല്ലവ ഉണ്ടാകുന്നത്. അതുകൊണ്ടു പഴയ സാഹിത്യങ്ങൾ നശിപ്പിക്കേണമെന്ന് അതിന്ന് അത്ഥമില്ല. പഴയ സാഹിത്യങ്ങൾക്ക് അവയുടെ കാലത്ത് വിലയുണ്ടായിരുന്നു ലോകം പുരോഗമിച്ച ഈ സന്ദഭത്തിൽ അവയ്ക്കു് പണ്ടത്തേതുപോലെ സാഹിത

ത്തിൽ അല്ലങ്കിൽ ജനതാമദ്ധ്യത്തിൽ സ്ഥാനമില്ലാതെ വന്നിട്ടുണ്ടാകാം. എന്നാൽ നമ്മുടെ പഴയ ആചാരങ്ങളേയും മററും വിവരിക്കുന്ന ആ ഗ്രന്ഥങ്ങൾ പുതിയതിന്റെ ആവിർഭാവത്തിൽ നശിപ്പിക്കപ്പെടേണമെന്നില്ല. അവയിലുമുണ്ടു മനുഷ്യസമുദായത്തിന്ന് ഒരിക്കലും വിസ്മരിക്കാൻ പാടില്ലാത്തതും, സ്വീകരിക്കേണ്ടതുമായ പല പരമാർത്ഥങ്ങളും. പുതിയതിന്റെ പുതുക്കത്തിൽ ഉണ്ടായ മതിമയക്കത്തിൽ പററിപ്പോയ ചില വിഡ്ഢിത്വങ്ങൾ എന്നേ ഇവയെപററി പറയുവാൻ വയ്ക്കൂ. എന്നാൽ ഈ വകകൾക്ക് ഇന്ന് സ്ഥാനമില്ലാതെ ആയിട്ടുണ്ടു. പുരോഗമനം എന്നു പറഞ്ഞാൽ പഴയതിനെ നശിപ്പിക്കലല്ല പുനരുദ്ധരിക്കലാണെന്ന് മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ട്. ഇന്നത്തെ പുരോഗമനസാഹിത്യകാരന്മാർക്ക് ചില ലക്ഷ്യങ്ങളുണ്ട്. സ്വാതന്ത്ര്യം, സമുദായോദ്ധാരണം, സമാധാനം, പുരോഗതി എന്നിവയാണ് അവ.

പുരോഗമനം ഒരിക്കലും ഒരു വ്യക്തിയുടേയോ ഒരു കക്ഷിയുടേയോ കുത്തകയായി നിന്നിട്ടില്ല. എന്നാൽ പുരോഗമിക്കുവാൻ ഇച്ഛിക്കുന്നവരുടെ എല്ലാം ലക്ഷ്യമായി ഇത് നിലകൊള്ളുന്നുണ്ട്. ചിലപ്പോൾ അത് ഉപയോഗപ്രദമായിരിക്കും. പുരോഗമന സാഹിത്യകാരന്ന് ഗാർഹികമായ മററു പല ജോലികളും വിഷമതകളും നേരിടുമ്പോൾ അതിലേക്കുള്ള പരിഹാരങ്ങളെപ്പററി ചിന്ത തുടങ്ങും. പക്ഷെ ഈ പ്രസ്ഥാനം നശിച്ചുപോകുന്നില്ല. അഗ്നിപർവ്വതംപോലെ ഏത് സമയത്തും അതിന്ന് പൊട്ടിത്തെറിപ്പാൻ സാധിക്കും. ഒരു സാമുദായിക ചിന്ത കേവലം നശിച്ചുപോകുന്നതല്ലല്ലോ. അതുകൊണ്ട് ഈ പ്രസ്ഥാനം കൂടുതൽ പ്രയോജനകരവും, ആസ്വാദകരവും ആക്കിത്തീർപ്പാൻ ഞാൻ എല്ലാ സാഹിത്യകാരന്മാരോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

നന്ദകുമാർ ജൂ. ഇ.

# രക്തസാക്ഷി.

പശ്ചിമവാരാശിയിലമൎന്നു സൂൎയ്യൻ; ലോക-
മൊക്കവേ യിരുളിന്റെ വിരുതിന്നടിപെട്ടു;
ഇന്നലെ രാത്ര്യംഗനാരാഗവാരിയിലേറെ
മിന്നിയ നിശാനാഥനിന്നിയു മുയൎന്നില്ല;
അല്ലെങ്കിൽ മൃഗീയമാം കൃത്യങ്ങൾ കാണാനാവാ-
തങ്ങതൻ മറശ്ശീലയ്ക്കുള്ളിലേയിരിയ്ക്കുയാം.
ലോകത്തിന്നഴിമതിയാകവെ യകററാനോ
ഭീകരനാകും ചണ്ഡമാരുതനെഴുന്നെള്ളി?
പേമാരി ചൊരിയുന്നിതാഹവത്തീമാരിയെ-
യീമഹിയിങ്കൽ നിന്നു മാകവെയകററാനോ?

ജീവിതം പോലെ യന്തഃറെറാരാവഴി പിന്നി-
ട്ടേവ മഞ്ചാരു പേരക്കാനന ദേശത്തെത്തി.
മുനിഞ്ഞു പ്രകാശിക്കും ദീപത്തിൻ വെളിച്ചത്തിൽ
തെളിഞ്ഞു കണ്ടാരവരേന്തുമായുധങ്ങളും:
ബന്ധനസ്ഥനായവർ മുന്നിട്ടു നടത്തുന്നു
വദ്ധ്യനായ് കല്പിച്ചോരു മനുജ ശരീരിയെ.
പരിഭ്രമിച്ചില്ലയാൾ; വ്യസനലേശം പോലു-
മുദയം ചെയ്തില്ലതു തിളങ്ങും വദനത്തിൽ.
അന്യത്ര വിളങ്ങുന്നു ശാന്തത കളിയാടു-
മുന്നത ഫാലസ്ഥലം, ശോഭനനേത്രദ്വയം.
തെളിഞ്ഞു ദീപം; ക്രമാലുയൎന്നു ഖഡ്ഗം പിന്നെ-
നടന്നതെന്തോ; കേട്ടു ഞരക്കമൊന്നോ രണ്ടോ !!

അറിഞ്ഞു പിന്നീടു ഞാനയാൾക്കു കല്പിച്ചൊര-
ക്കഠോര വിധിയ്ക്കേഴും കാരണമതിചിത്രം !
രാജസേവയല്ലയാൾ വരിച്ചു തൊഴിലായി ;
രാജ്യസേവയിൽ ജീവനൎപ്പിച്ചു ധന്യനായി;
അമരും ഭ്രാതാക്കളെയുയൎത്താൻ ശ്രമിച്ചവ-
നണഞ്ഞു പുണ്യസ്ഥാനം, ത്യാഗമോഹനം പരം !
നിരാശനായിക്കാണുകില്ലയാൾ ; ജനനിയ്ക്കായ്
മരണം കൈവരിച്ച ധീരനാം "രക്തസാക്ഷി."

എന്തിനിജ്ജീവിതത്തിലീവിധം പരീക്ഷക-
ളന്തമില്ലാതവണ്ണം ചെലുത്തീ ജഗൽഗ്ഗുരോ.?

കെ. ബാലകൃഷ്ണൻ,
സീനിയർ ഇന്റർമീഡിയററ്.

# മഴവില്ല്.*

വാനത്തു ഭംഗ്യാ മഴവില്ലു കാണുമ്പോൾ
മീനൊത്തു തുള്ളുന്നുണ്ടെൻ ഹൃദയം.
മാമക ജീവിതാദ്ധ്യോങ്കത്തിലങ്ങിനെ.
യായിരുന്നിപ്പോഴു മങ്ങിനെ താൻ.
വാർദ്ധക്യകാലത്തു കൂടിയുമങ്ങിനെ
യാകുവാൻ ദൈവത്തെ പ്രാർത്ഥിക്കുന്നു.
ഈവിധം ചിന്തകളില്ലാത്ത കാലത്തു
ജീവിതം ദൈവമേ! നിഷ്പ്രയോഗം.
മാനുഷൻ ബാലനിൽനിന്നത്രേ ജാതനായ്
സന്ധ്യപ്രഭാതത്തിൽ നിന്നെന്നോണം
ദൈവികമാകും പ്രകൃതി തൻ ഭക്തിയിൽ
കാലം കഴിക്കുവാനാഗ്രഹം മേ.

സി. കെ. ജയരാമപണിക്കർ
ആറാം ഫാറം.

* Wordsworth My Heart leaps up എന്ന പദ്യത്തിൻെറ തർജ്ജമ.

# പ്രതിബന്ധവും നൈരാശ്യവും.

പ്രതിബന്ധങ്ങളാണ് നെപ്പോളിയനെപ്പോലേയും നെൽസനെപ്പോലേയും ഉള്ള മഹാന്മാരെ വിജയശ്രീലാളിതരാക്കിയത്. പ്രതിബന്ധങ്ങൾതന്നെയാണ് അവരെ ലോകരറിയാനിടയാക്കിയതും. ഇന്ത്യൻ സത്യഗ്രഹസമരം ഉണ്ടായിരുന്നില്ലെങ്കിൽ മഹാത്മജി, നെഹ്റു തുടങ്ങിയ രാഷ്ട്രീയനേതാക്കന്മാരെ ലോകമറിയുമായിരുന്നോ?

ദാരിദ്ര്യവും പരിഹാസവും ഒരുവന്ന് അവൻെറ ഉന്നതിയിലേയ്ക്കുള്ള മാർഗ്ഗങ്ങളാണ്. ഇവരണ്ടിനും പാത്രീഭൂതരാവാതെ, സ്വശക്തിയെ ലോകർക്കു കാണിയ്ക്കുവാനിടവരാതെ എത്രയോ മഹാന്മാർ ഈ ലോകത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

"നാം നമ്മുടെ സ്നേഹിതന്മാരെക്കാൾ ശത്രുക്കളെയാണ് സ്നേഹിയ്ക്കേണ്ടതു്" എന്നു ഒരു മഹാൻ പറഞ്ഞതിൽ തെററില്ല. നമ്മുടെ സ്നേഹിതന്മാർ നമ്മുടെ ഗുണങ്ങളെയല്ലാതെ ദോഷങ്ങളെ പ്രതിപാദിക്കയില്ല നമ്മുടെ ശത്രുക്കൾ നമ്മുടെ ഗുണങ്ങളെപററി പറയാതെ നമ്മുടെ ദോഷങ്ങളെ ദൂഷണം ചെയ്യുതുത്തു് പരസ്യപ്പെടുത്തുന്നു. നാം തൽകാലം അവമാനിതരാകുന്നുവെങ്കിലും, അതു നമുക്കു ആ ദോഷങ്ങൾ ഇല്ലാതാക്കുവാനുള്ള ശക്തി തരുന്നു. അതിനാൽ നമ്മുടെ ദോഷങ്ങൾ ഇല്ലാതായി നമ്മുടെ സ്വഭാവം നന്നായിത്തീരുന്നു. അതുകൊണ്ട് നാം മിത്രങ്ങളെക്കാൾ ശത്രുക്കളെയാണു ബഹുമാനിക്കേണ്ടതു്.

"പണം കയ്യിലുള്ള കാലത്തോളം നമ്മെ നാം അറിയുകയില്ല" എന്നുള്ളതു് എത്രയും വാസ്തവമാണ്. ധനം നശിച്ചു കഷ്ടപ്പാടുകളും ദുഃഖങ്ങളും ഉണ്ടാകുമ്പോൾ മാത്രമേ നമുക്ക് ആത്മബോധമുണ്ടാകുന്നുള്ളു. എഡ്മണ്ട്ബക്ക് കഷ്ടപ്പാട് ഒരുത്തമാദ്ധ്യാപകനാണെന്നു പറയുന്നു. സഹനശക്തി, ക്ഷമ, ബുദ്ധിശക്തി, വിവേകം മുതലായവയെ പ്രദാനംചെയ്യുന്നതും പ്രതിബന്ധങ്ങളുമാണ്.

ലോകത്തിലെ പ്രസിദ്ധമഹാകവികൾക്കെല്ലാം എന്തെങ്കിലും ഒരു അംഗഹീനത ഉള്ളതായിക്കാണാം. അതു അവക്ക് അവരുടെ ആശയങ്ങളെ ഏകീകരിയ്ക്കുന്നതിൽ സഹായകങ്ങളാണ്. ലോകത്തിലെ പ്രസിദ്ധപ്പെട്ട രണ്ടു മഹാകവികളായ ഹോമറും, മിൽട്ടനും അന്ധന്മാരായിരുന്നു. കേരളത്തിലെ പ്രസിദ്ധമഹാകവിയായ വള്ളത്തോൾ ബധിരനാണ്. ഇതുകൊണ്ടെല്ലാം അവരുടെ കവിതാശക്തിക്കു കെൽപ്പു കൂട്ടുകയല്ലാതെ ക്ഷയം സംഭവിച്ചിട്ടില്ല.

ലോകത്തിലെ മിക്ക മഹാകവികളും ദാരിദ്ര്യം, വ്യാധി ഇവയിൽ കിടന്നു വളന്നവരാണ്. അതിനാലാണു അവക്കു ലോകത്തിലെ നാനാവശങ്ങളെക്കുറിച്ചു ചിന്തിപ്പാനും, അറിവാനും ഇടവരുന്നതു്. അവക്കു സങ്കടങ്ങൾ അനുഭവിപ്പാനിടവരുന്നതും ഒരു ഭാഗ്യമാണെന്നാണ് അവർ പറയുന്നതു്.

പ്രതിബന്ധങ്ങളെപ്പോലെതന്നെ നൈരാശ്യത്തിന്നും സാഹിത്യലോകത്തിൽ ഒരു മഹനീയസ്ഥാനമുണ്ട്. സാഹിത്യലോകത്തിലേയ്ക്കു കണ്ണോടിക്കുന്നപക്ഷം നൈരാശ്യവും, പരാജയവുമാണു മഹാകാവ്യങ്ങളെ സൃഷ്ടിയ്ക്കുന്നതെന്നുകാണാം. ആംഗലസാഹിത്യത്തിൽ ഒരു മഹനീയവിപ്ളവംതന്നെ സൃഷ്ടിച്ച ഷെല്ലി, കീററ്സ് തുടങ്ങിയ മഹാരഥന്മാരുടെ ജീവിതം നൈരാശ്യത്തിൽനിന്നു കൊടി നീട്ടിയതാണ്. അവരിരുവരും വളരെ ചെറുപ്പത്തിൽതന്നെ ഇഹലോകവാസം വെടിയുകയും ചെയ്തു. കീററ്സിൻെറ ദയനീയമായ മരണം ഷെല്ലിയുടെ ലോകപ്രസിദ്ധമായ "അഡൊണൈ" (Adlonaed) എന്ന കൃതിയ്ക്കു കാരണമായി. ഇംഗ്ലണ്ടിലെ മറെറാരു കവിയായ ബ്രൌണിങ്ങിൻെറ കൃതികൾ സ്വജീവരക്തത്തിൽനിന്നു കടഞ്ഞെടുത്തവയാണ്. ടോംസ്ററോയ്, വിക്ടർയൂഗോ, മൊപ്പോസാങ്ങ് തുടങ്ങിയവരുടെ പ്ര

# ഒരു നിരിക്ഷണം.

1. അകല്മഷമതിമോദമോട്ട മോരോ
വക നിജ ജോലികൾ ചെയ്തു തീർന്നശേഷം
പകലവതിയിൽ ഞാൻ 'നെടുമ്പറമ്പിൻ'
മുകളിലൊരിക്കലിരിക്കയായിരുന്നു.

2. കലിതരുചി കളിച്ചുതാന്തിഭാര-
പ്പൊലിമ വഹിപ്പൊരു കൊച്ചുപൈതലെപ്പോൽ
അലിവൊടുമിവനെദ്ധരിച്ചു വക്ഷഃ—
സ്ഥലിയിൽ ജഗജ്ജനയിത്രിയാം ധരിത്രി.

സിദ്ധസാഹിത്യത്തിന്നു പ്രേരകമായ പരിതസ്ഥിതികൾ എന്തായിരുന്നുവെന്നു അവരുടെ ജീവചരിത്രം വായിച്ചുനോക്കിയാൽ അറിയാം.

"പ്രതിബന്ധങ്ങളാണു ഓരോ പുതിയ കണ്ടുപിടിത്തങ്ങൾക്കും സഹായകങ്ങളാവുക" എന്നു ഒരു ശാസ്ത്രജ്ഞൻ പറഞ്ഞതായി കേട്ടിട്ടുണ്ട്. പരാജയങ്ങൾ മനുഷ്യശരീരത്തിൽ അന്തർല്ലീനമായി കിടക്കുന്ന ശക്തികളെത്തട്ടിയുണർത്തുകയും തൻമൂലം നാം നമ്മുടെ പ്രതിബന്ധങ്ങളെയെല്ലാം അവഗണിച്ചു പരിശ്രമിച്ചു വിജയശ്രീലാളിതരാവുകയും ചെയ്യുന്നു,

ഇന്നത്തെ ലോകം അനുനിമിഷം അസംഖ്യം പ്രതിബന്ധങ്ങളെ തരണം ചെയ്തുകൊണ്ടാണു മുന്നോട്ടു പോകുന്നത്. അതിനാലാണു ലോകം അനുദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതും. ഇക്കഴിഞ്ഞ ലോകമഹായുദ്ധം ലോകാഭിവൃദ്ധിയ്ക്കു ഒരു വലിയ വിഘാതമായി സകലരും കരുതിവരുന്നുണ്ടല്ലോ. ശാസ്ത്രീയമായി എന്തെല്ലാം വലിയ കണ്ടുപിടിത്തങ്ങൾ ഈ യുദ്ധം സമുൽഘാടനം ചെയ്തു. റേഡിയോ, ടെലിവിഷൻ തുടങ്ങിയ വകുപ്പുകളിൽ പല വലിയ കണ്ടുപിടിത്തങ്ങൾക്കും ഈ യുദ്ധം ഇടവരുത്തിയിട്ടുണ്ട്. ഇതുവരെയുള്ള സമരതന്ത്രങ്ങളെയെല്ലാം അട്ടിമറിച്ച 'അറ്റോമിക്' ബോംബിൻെറ ഉത്ഭവത്തിന്നുതന്നെ കാരണം ഈ യുദ്ധമല്ലേ? പ്രതിബന്ധങ്ങളാണു ലോകത്തിന്നു സുഖം തരുന്നത്! തദ്വാരാ ഈ യുദ്ധം ലോകത്തിൽ ശാശ്വതമായ സമാധാനവും ശാന്തിയും നട്ടുവളർത്തുമെന്നു ഞാൻ പ്രത്യാശിക്കട്ടെ!!!

എ. ജി. സോമനാഥ്
(V. E.)

3. ചരിവിൽ നിരവെ നിന്ന കുങ്കുമത്തിൻ
പരിമളമങ്ങു പരം പരന്നിരുന്നു.
പെരിയൊരു പരിതോഷമേകി കണ്ണി-
ന്നരിമയെഴും പ്രകൃതിപ്രേശാഭച്ചറവം.

4. ഒരു ചെറു പുഴ തീരകേരവൃക്ഷ-
പ്പെരുമയൊടൊത്തു വടക്കലാലസിപ്പൂ.
ഇരുവശവുമുദാരപാരിജാത-
ത്തരുനിരചേർന്ന സുരസ്രവന്തിപോലെ.

5. പലവിധമുയരം കലർന്നു കാണ്മൂ
മലകളനേകമതാ കിഴക്കുഭാഗം
ഉലകുടയൊരു ബാലനേകനപ്പം
നലമൊടു മൃത്തികയാൽ ചമച്ചപോലെ.

6. അകലമധികമില്ല; തെക്കു സസ്യ-
ത്തികവെഴുമുന്നതതീര പർവ്വതങ്ങൾ
അകമതിൽ നിഴലിച്ചു ഹന്തഗോമേ-
തകനിറമാർന്നൊരു ചാലിയാറു കാണ്മൂ.

7. ക്ഷിതിസുരവരനക്കവീശ്വരൻതാ-
നതികുതുകാൽ ശതകം ചമച്ചുമുന്നം
സ്തുതിപലവക ചെയ്ത മൂലമാകാ-
മതിനകമൊട്ടധികം തെളിഞ്ഞിരുന്നു.

8. ഒരു വലിയ തഴച്ച പാലചൂഴു-
ന്നൊരു മലസുരകരങ്ങളേറെ മുന്നിൽ
പുരുജട ചിതറും പുരാരിമേവു-
ന്നൊരു ഗിരിതൻ പരിപാടി നേടിടുന്നു.

9 കരളലിവു വെടിഞ്ഞു പൂർവ്വദിക്കിൽ
കഠിനകരങ്ങൾ നടത്തിവന്ന സൂര്യൻ
കരുമനപലചെയ്ത മൂലമാകാം
കടലിലൊട്ടുക്കമതാ പതിയ്ക്കുമാറായ്.

10. ചരമദിശയിലങ്ങുമിങ്ങുമായി
ക്കരിമുകിലിൻ കഷണങ്ങൾ കണ്ടിടുന്നു
വിരവിലിരുപുറം വിമാനജാലം
തരമൊടു പോരിനൊരുങ്ങി നിന്നപോലെ.

11. അവികലമൊരു ഘോരയുദ്ധമുണ്ടാ–
യവിടെയതിൻഫലമാണു തീൎച്ചയായും
അവിരളമധുനാ നിണത്തുടുപ്പാ–
ലവിശദമായ് ചരമാന്തരീക്ഷമാകെ–

12. അഹരിഹരിതുമട്ടുതാൻ പടിഞ്ഞാ–
റഹിതമണച്ചു നിണത്തുടുപ്പു ചാൎത്തി
മഹിതകുതുകമാകു മാസവത്തിൻ
ലഹരി പിടിച്ചവിധം തുടുത്ത സൂൎയ്യൻ

13. ഇരുവരധികവാശിയോടുകൂടി–
പ്പൊരുവതുനോക്കി രസിച്ചു നിന്നിടുമ്പോൾ
ഒരുപടുവിടുവിഡ്ഢിയാത്മനാശം
വരുവതിനേററമടുത്തതോൎപ്പതില്ല.

14. പരമിവനൊരുയച്ചു കിട്ടിടുമ്പോൾ
പരനരുതാപമിയററിയെങ്കിലാക്കം
ചരമഗതിയിതെന്നു കാട്ടുവാനോ
തരണിയതാ ജലരാശിയിൽ പതിച്ചു.

15. അപരദിശിയധഃപതിച്ചു പിന്നെ–
ത്തപനനെഴും വിമലാന്തരാത്മശക്തി
ഉപരിഗതി ലഭിപ്പതിന്നു കാററായ്
ജവമൊടുടനേക്കു കിഴക്കുനോക്കി വീശി.

16. നിയതിവിധിവശാൽ കിഴക്കുദിക്കാം
ജയിലിനകത്തു കിടന്നിരുന്ന ചന്ദ്രൻ
സ്വയമധിഗതകാന്തി; ശാന്തിലോക–
ക്കരുളുവതിന്നുദയാദ്രി തന്നിലേറി.

17 അതിമഹിതമഹിംസശാന്തി വൎദ്ധി–
പ്പതിനൊരു മാൎഗ്ഗമതെന്നു കാട്ടുവാനോ
മതിനിജ ഹൃദിമുദ്രയായ് വഹിക്കു–
ന്നതു നിരുപദ്രവജീവിലാംശശത്തെ.

18. അവനെയനുഗമിപ്പതിന്നുവേണ്ടി–
ജ്ജവമൊടനേകമുഡുക്കൾ വന്നുദിച്ചു.
ഭുവനമധികകാന്തിനേടി,യപ്പോൾ
സ്വവസതിനോക്കിയുടൻ നടന്നു ഞാനും.

വിദ്വാൻ പി. സി. ഏട്ടനുണ്ണിരാജാ.
പൂൎവ്വവിദ്യാൎത്ഥി.

# ചിപ്പ് അവറാൻ.*

I

അന്നു കോഴിക്കോട്ടു പോലീസുകാരുടെ ശ്രദ്ധയെ ഏററവുമധികം ആകൎഷിച്ചിരുന്നത് മീഞ്ചന്താനിവാസിയായ ചിപ്പ അവറാൻ എന്ന ഒരു കെ. ഡി. യായിരുന്നു. അതി ധീരനും ഒന്നാംതരം അഭ്യാസിയുമായിരുന്നതിനാൽ പോലീസുകാൎക്ക് അവനെ സമീപിക്കുന്നതിൽ അനല്പമായ ആശങ്കയുണ്ടായിരുന്നു. അതിനാൽ ചില്ലറക്കളവുകേസുകൾ രണ്ടുമൂന്നെണ്ണം നടന്നിട്ടും പോലീസ് അവറാന്റെ നേരെ കണ്ണുചിമ്മുകയാണുണ്ടായത്. അങ്ങിനെയിരിക്കുമ്പോഴാണ് ഒരു ദിവസം കോഴിക്കോട്ടെ ഒരു പ്രമുഖവൎത്തകനും വലിയ ധനികനുമായ ഒരു സേട്ടുവിന്റെ വീട്ടിൽ കവൎച്ച നടന്നതായി അറിവായത്. നഗരമദ്ധ്യത്തിൽ പോലീസിന്റെ കണ്ണിനുമുമ്പിൽ വെച്ചു ഇത്തരം അക്രമം പ്രവൎത്തിക്കുവാൻ അവറാനല്ലാതെ മററാരുവൻ തുനിയുകയില്ലെന്നു എല്ലാവൎക്കും ബോദ്ധ്യമായിരുന്നു. ഇത്തവണ പോലീസിന്നു മൌനം ദീക്ഷിക്കുവാൻ നിൎവ്വാഹമില്ലെന്നു കണ്ടതിനാലായിരിക്കാം ചിപ്പ അവറാൻ കോഴിക്കോടു വിട്ടു വടക്കെ മലബാറിലേക്കു കടന്നുകളഞ്ഞത്.

വടകര എത്തിയപ്പോൾ അവറാൻ ഒരു കളവുനടത്താൻ തീൎച്ചയാക്കി. രാത്രി ഏകദേശം പന്ത്രണ്ടുമണിയായപ്പോൾ അവൻ ചുമര് തുരന്നു ഒരു വീട്ടിൽ പ്രവേശിച്ചു. വടകര മുൻസിഫിന്റെ ഭവനമായിരുന്നു അത്. ക്ഷണത്തിൽ മുറികളെല്ലാം പരിശോധിച്ചുവെങ്കിലും യാതൊന്നും കണ്ടുകിട്ടിയില്ല. ഒടുവിൽ മുൻസിഫിന്റെ ഉറക്കറയിൽ പ്രവേശിച്ചപ്പോൾ അദ്ദേഹം കിടക്കുന്നതിന്റെ കാല്ക്കലായി ഒരു തോക്ക് ചുവരോടുചാരി വെച്ചിരിക്കുന്നതു കണ്ടു. ഉടനെ അതെടുത്തു് നോക്കിയപ്പോൾ നിറയില്ലാത്തതാണെന്നു കണ്ടതിനാൽ അവിടെത്തന്നെ വെച്ചു. ആ മുറിയിൽകണ്ട രണ്ടുമൂന്ന് പെട്ടികൾ തുറന്നുനോക്കിയെങ്കിലും വസ്ത്രങ്ങളല്ലാതെ പണമൊന്നും അവയിൽ കണ്ടില്ല. ഒടുവിൽ ചുമരിൽ തൂങ്ങിക്കിടന്നിരുന്ന ഒരു കോട്ടും സ്വൎണ്ണച്ചങ്ങലയോടുകൂടിയ വാച്ചും മാത്രമെടുത്ത് അസംതൃപ്തനായി പോകാൻ തുടങ്ങുമ്പോഴാണ് മുൻസിഫിന്റെ പത്നിയുടെ കഴുത്തിൽ തിളങ്ങുന്ന ആഭരണം അവൻ കണ്ടത്. അത് അഴിച്ചെടുക്കുന്ന ശ്രമത്തിൽ ആ സ്ത്രീ ഉണരുകയും മുറിയിൽ ഒരു മാപ്പിളയെ കണ്ടു പരിഭ്രമിച്ച് ഭൎത്താവിനെ ഉണൎത്തുകയും ചെയ്തു. അപ്പോഴേക്കും അവറാൻ കോണിയിറങ്ങി താഴെയെത്തിയിരുന്നു. മുൻസിഫ് തോക്കെടുത്തു പിന്നാലെ ഓടി അവനോടു നില്ക്കാൻ പറയുകയും അനുസരിക്കാത്തപക്ഷം വെടിവെക്കുമെന്നു കാണിക്കാൻവേണ്ടി തോക്കു ചൂണ്ടുകയും ചെയ്തു. എന്നാൽ അവറാൻ 'ആ ഉലക്ക അവിടെ വെച്ചേക്ക്' എന്നു പറഞ്ഞ് ഓടി പുറത്തുകടന്നു രക്ഷപ്പെട്ടു.

---

* ഏകദേശം 40 കൊല്ലത്തിനുമുമ്പ് ചിപ്പ് അവറാൻ എന്ന ഒരു തസ്കരൻ കേരളത്തിൽ പ്രത്യേകിച്ച് വടക്കെ മലബാറിൽ നടത്തിയ കവൎച്ചകളുടെ ഒരു സംക്ഷിപ്തവിവരമാണിത്.

വടകരനിന്നു ചീപ്പ അവറാൻ നേരിട്ടു തലശ്ശേരിവന്നു. ഇതിനിടെ അവൻ തനിക്കു യോജിച്ച ചില അനുചരന്മാരെ സമ്പാദിച്ചുകഴിഞ്ഞിരുന്നു. വലിയവുള്ള (വലിയ അബ്ദുള്ള). ചെറിയവുള്ള (ചെറിയ അബ്ദുള്ള), തുരപ്പൻ മമ്മത് എന്നിവരായിരുന്നു അതിൽ പ്രധാനികൾ. വലിയവുള്ള ക്രൂരനും ബലിഷ്ഠനുമായ ഒരു മഹാകായനായിരുന്നു. കാഴ്ചയിൽ ചീപ്പയോടു സദൃശനായിരുന്നു ചെറിയവുള്ള. ചുമര് തുരക്കുന്നതിലുള്ള അസാമാന്യസാമത്ഥ്യമാണ് മമ്മതിന്നു തുരപ്പൻ എന്ന ബിരുദം നേടിക്കൊടുത്തത്. ജാഗ്രതയോടുകൂടിയുള്ള അന്വേഷണംനിമിത്തം ചീപ്പ അവറാനും സംഘവും തലശ്ശേരി എത്തിയവിവരം പോലീസ്സിന്നു ലഭിച്ചു. വല്ലവിധേനയും തലശ്ശേരിനിന്നു ചീപ്പ അവറാനെ പിടിക്കണം എന്നുദ്ദേശിച്ച് പോലീസ്സിൻസ്പെക്ടർ തൻെറ കീഴ്സിൽബന്ധികൾക്ക് വേണ്ടപ്പെട്ട ഉപദേശം നൽകിയതിന്നു പുറമെ സാധാരണക്കാരായ ചിലരെ ചാരവൃത്തിയിൽ നിയമിക്കുകയും ചെയ്തു.

ഒരു ദിവസം ചീപ്പ് അവറാനും അനുയായികളും തലശ്ശേരി 'പലിശവാതില്ക്കൽ' എന്ന സ്ഥലത്തുള്ള ഒരു വീട്ടിൽ സമ്മേളിച്ചതായും രാത്രി ഗംഭീരമായ ഒരു 'ടീപ്പാർട്ടി'ക്കുള്ള ഒരുക്കങ്ങൾ ചെയ്തിട്ടുള്ളതായും ഇൻസ്പെക്ടർക്ക് ചാരന്മാർമുഖേന വിവരം കിട്ടി. ഉത്സാഹഭരിതനായ ഇൻസ്പെക്ടർ ഇരുപത്തഞ്ചു പോലീസുകാരോടും അനേകം നാട്ടുകാരോടുംകൂടി വളരെ നിശ്ശബ്ദമായിവന്നു വീടു വളഞ്ഞു. വിശാലമായ ഒരു മുറിയിലിരുന്നു കുറെ മുഹമ്മദീയർ തമാശപറഞ്ഞുകൊണ്ടു ഭക്ഷണം കഴിക്കുന്നത് വാതിലിൻെറ ഇടുങ്ങിയ വിടവിൽകൂടെ അദ്ദേഹം കണ്ടു. ഇൻസ്പെക്ടർ വാതില്ക്കലേക്കു ചെന്നു ഓരോരുത്തരായി പുറത്തുവന്നു പോലീസിന്നു കീഴടങ്ങുവാൻ അക്രമിസംഘത്തോടാജ്ഞാപിച്ചു. അപ്പോളാണ് തങ്ങൾ കെണിയിൽ കുടുങ്ങിയെന്ന വത്തമാനം തസ്കരന്മാർ മനസ്സിലാക്കിയത്. ഗത്യന്തരമില്ലായ്കയാൽ അവർ ഓരോരുത്തരായി പുറത്തുവരുവാനും പോലീസുകാർ പിടിച്ച് കയ്യാമം വെക്കുവാനും തുടങ്ങി. ഇങ്ങനെ കുറെയാളുകൾ പുറത്തുപോന്നപ്പോഴേക്കും അതാ, ചെറിയവുള്ള ഓടിവന്നു വാതിൽ കൊട്ടിയടക്കുന്നു! കുറച്ചു സമയത്തിന്നുശേഷം പോലീസുകാർ കുത്തിപ്പൊളിക്കുവാൻ തുടങ്ങിയപ്പോൾ വാതിൽ തുറക്കപ്പെട്ടു. മുറിയിൽ ഉണ്ടായിരുന്ന ബാക്കിപേരും വന്നു കീഴടങ്ങി. പിന്നെ മുറിയിൽ, ഭക്ഷണം പാകംചെയ്യാൻ വന്നവരാണെന്നു പറയപ്പെട്ട രണ്ടുമൂന്നു സ്ത്രീകളല്ലാതെ മററാരുമുണ്ടായിരുന്നില്ല. ചീപ്പ് അവറാൻ എപ്പോൾ പുറത്തുകടന്നു രക്ഷപ്പെട്ടു എന്നറിയാതെ ഇൻസ്പെക്ടർ കുഴങ്ങി. സ്ത്രീകളെ പുറത്താക്കിക്കശേഷം പുള്ളികൾ മുറിയിൽ എവിടെയെങ്കിലും ഒളിച്ചിരിക്കുന്നുണ്ടോ എന്നു അകത്തുകടന്നു പരിശോധിപ്പാൻ അദ്ദേഹം ആജ്ഞാപിച്ചു. പുറത്തു വന്ന സ്ത്രീകൾ മതിൽ ചാടിക്കടന്നു നിരത്തിൽ ഇറങ്ങി അന്ധകാരത്തിൽ ഓടി മറയുന്നത് കണ്ടപ്പോൾ പുറത്തുണ്ടായിരുന്ന ആളുകൾ പകച്ച് നിന്നുപോയി. ചീപ്പ് അവറാനും വേറെ രണ്ടുപേരും സ്ത്രീകളുടെ ഉടുപ്പണിഞ്ഞു പുറത്തുകടന്നു രക്ഷപ്പെട്ടു എന്ന് ഒരാൾ ഓടിവന്നു ഇൻസ്പെക്ടരോടു പറഞ്ഞപ്പോൾ ഇരവഴുതിപ്പോയ മൂർഖപ്പാമ്പിനെപ്പോലെ കോപിഷ്ഠനായ അദ്ദേഹം അതു പറഞ്ഞ ആളുടെ ചെകിടത്ത് ഒന്നു 'പൊട്ടി'ക്കയാണുണ്ടായത്.

II

തലശ്ശേരിസംഭവം കഴിഞ്ഞു പത്തുദിവസത്തിന്നുശേഷം മംഗലാപുരം പട്ടണത്തിൽ മൂന്നു ഫക്കീർമാർ നടക്കുന്നത് കണ്ടു. ഒന്നിച്ച് ഒരു ഭൃത്യനും ഉണ്ടായിരുന്നു. പകൽ പരസ്യമായി ജനങ്ങളുടെ ബഹുമാനം കവൎന്നു നടന്നിരുന്ന ആ ഫക്കീർമാർ രാത്രി രഹസ്യമായി അവരുടെ ധനവും കവരുന്നുണ്ടെന്നു ആരും അറിഞ്ഞില്ല. ചിപ്പ് അവറാൻ, ചെറിയവുള്ള, മമ്മത് ഇവരായിരുന്നു ആ ഫക്കീർമാർ. ഭൃത്യൻ വലിയവുള്ളയും. ആദ്യത്തിൽ അവറാൻ കവച്ച്ക്കപോകാതെ കൂട്ടുകാരെ തനിച്ചയക്കുയാണുണ്ടായത്. അവർ നാലഞ്ചു കവച്ച്കൾ നടത്തിയെങ്കിലും പറയത്തക്കതായി യാതൊന്നും കൊണ്ടുവരുവാൻ സാധിച്ചില്ല.

ഒടുവിൽ ഒരു രാത്രി ചീപ്പഅവറാൻതന്നെ പുറപ്പെട്ടു. ലുബ്ധനായ ഒരു ധനികന്റെ ഗൃഹമാണ് അവൻ തിരഞ്ഞെടുത്തത്. പണം ഇരിക്കുന്ന മുറിയുടെ ചുവര് തുരന്നു അവൻ അകത്തു പ്രവേശിച്ചു. (ചില കള്ളന്മാക്ക് ഒരു വീട്ടിൽ പണം ഇരിക്കുന്നത് എവിടെയാണെന്നു മനസ്സിലാക്കാൻ ചില ലക്ഷണങ്ങളുണ്ടത്രെ) ആ മുറിയിൽ കട്ടിലിന്റെ ആകൃതിയിലുള്ള ഒരു പത്തായത്തിന്മേൽ ഗൃഹനായകനും പത്നിയും കിടന്നുറങ്ങുന്നുണ്ടായിരുന്നു. ആ പത്തായത്തിലാണ് പണമുള്ളതെന്നു അവൻ മനസ്സിലാക്കി. അവറാൻ ഉറങ്ങുന്നവരുടെ ഇടയിൽ കയറിക്കിടന്നു രണ്ടു പേരേയും ഓരോ ഭാഗത്തേക്കു തിക്കിത്തുടങ്ങി. ഭാൎയ്യയും ഭൎത്താവും കിടക്കയുടെ ഓരോ വക്കത്തായശേഷം, പൂട്ടിന്റെ സ്ഥാനം ഏകദേശം ഊഹിച്ച് കിടക്കയുടെ ഒരു കഷണം മുറിച്ച് നീക്കിയപ്പോൾ പൂട്ട് അവിടെതന്നെയാണെന്നുകണ്ടു. ഉടനെ തലയിണയുടെ ചുവട്ടിൽനിന്നു താക്കോലെടുത്തു പത്തായം തുറന്നു അതിൽനിന്നു അഞ്ചു സഞ്ചികൾ എടുത്ത് പുറത്തുവെച്ചു. അതിന്നുശേഷം ഉറങ്ങുന്നവരെ പൂൎവ്വസ്ഥിതിയിലാക്കി പണവും എടുത്ത് യാത്രയായി. ഓരോ സഞ്ചിയിലും അഞ്ഞൂറുവീതം ഉറുപ്പിക ഉണ്ടായിരുന്നു. ഉറക്കമരുന്നപയോഗിച്ചതിനാലാണ് ഈ സാഹസങ്ങളെല്ലാം ചെയ്തുതീക്കുന്നതിനിടക്കു ദമ്പതിമാർ ഉണരാതിരുന്നതെന്നു ഓക്കേണ്ടതാണ്.

മംഗലാപുരത്ത് പോലീസ്സിന്റെ അന്വേഷണം മുറുകിയപ്പോൾ തസ്കരസംഘം തെക്കോട്ടു നീങ്ങി. കണ്ണൂര് എത്തിയശേഷം അല്പം വിശ്രമിക്കുവാൻവേണ്ടി, കളവുമുതൽ വീതിച്ചെടുത്ത് തല്ക്കാലം തമ്മിൽ പിരിഞ്ഞു ഓരോരുത്തരും ഓരോ വഴിക്കു പോയി.

ഒരു ദിവസം സായാഹ്നത്തിൽ കണ്ണൂരിലെ ഒരു പാതയിൽക്കൂടി ഉടുപ്പിടാത്ത രണ്ടു കൺസ്റ്റബിൾമാർ നടക്കുകയായിരുന്നു. കുറച്ചുദൂരം ചെന്നപ്പോൾ അവൎക്കെതിരായി കാഴ്ചയിൽ അതിയോഗ്യനായ ഒരു മുഹമ്മദീയൻ വരുന്നതുകണ്ടു. പരിഷ്കൃതരീതിയിലുള്ള കോട്ടും സ്വൎണ്ണച്ചങ്ങലയോടുകൂടിയ പോക്കറ്റുവാച്ചും കറകറ കരയുന്ന ചെരിപ്പുകളും വലംകൈയ്യിൽ വട്ടംതിരിക്കുന്ന പട്ടുകുടയും മററും കണ്ടാൽ, ഏതോ, ലക്ഷപ്രഭുവായ ഒരു മുതലാളിയാണെന്നല്ലാതെ ആൎക്കും തോന്നുകയില്ല. മേല്പറഞ്ഞ മാന്യൻ കടന്നുപോയ ഉടനെ കൺസ്റ്റബിൾമാരിൽ ഒരാൾ മററവനോടു പതുക്കെ ഇങ്ങനെ പറഞ്ഞു: "അതാ, അവനാണ് പിടികിട്ടേണ്ട പുള്ളി ചീപ്പഅവറാൻ".

രണ്ടാമൻ:—സൂക്ഷിച്ചു പറയിൻ, സ്നേഹിതാ. അദ്ദേഹം ഒരു കള്ളനാണെന്നോ? നിങ്ങൾ ചിപ്പയെ കണ്ടാൽ അറിയുമോ?

ഒന്നാമൻ:—'ഓ, നല്ലവണ്ണം. ഞങ്ങൾ ചെറുപ്പത്തിൽ ഒരേ കളരിയിൽ അഭ്യസിച്ചവരാണ്.'

രണ്ടാമൻ:—'എന്നാൽ നാം ചെന്നു അവനെ പിടിക്കുക. റിവാഡുണ്ടെന്നല്ലെ കേട്ടത്.'

ഒന്നാമൻ:—'അതു സൂക്ഷിച്ചുവേണ്ട പ്രവൃത്തിയാണ് ഒരു കുട അവൻെറ കയ്യിലില്ലാത്തതിനാൽ. ഒരു വടി കയ്യിലുണ്ടെങ്കിൽ അവൻ മഴ പെയ്യുമ്പോൾ നനയാതെ പോകും. അത്ര മികച്ചതാണ് അവൻെറ പയററിലുള്ള സാമർത്ഥ്യം.

ഒടുവിൽ ഒരാൾ ചിപ്പഅവറാനെ അനുഗമിക്കുവാനും മറെറയാൾ പോലീസ്സ്സ്റ്റേഷനിലേക്ക് വിവരമറിയിക്കാൻ പോകുവാനും തീർച്ചയാക്കി. അവറാൻ പല ഇടവഴികളും കടന്ന് ഒടുവിൽ ഒരു ചെറിയവീട്ടിൽ ചെന്നുകയറി. പടികടന്നപ്പോഴേക്കും പിന്നാലെ പോലീസുകാർ വരുന്നതുകണ്ട് കാര്യം പററി എന്നു തീർച്ചയാക്കി. വേഗം വീട്ടിന്നുള്ളിൽ കടന്നു വസ്ത്രം മാററി ഉമ്മറത്തേക്കുതന്നെ വന്നു. നിരായുധനായി പോലീസുകാരോടു പടവെട്ടുന്നത് നിഷ്പ്രയോജനമാണെന്നു കണ്ടതിനാൽ അവൻ കീഴടങ്ങുവാൻതന്നെ തീർച്ചയാക്കി. അതിനാൽ പോലീസ്കമ്മീഷണർ വന്നു കയ്യുപിടിച്ചു കൊണ്ടുപോയപ്പോൾ അവൻ അനങ്ങിയില്ല. വീട്ടുപരിശോധനയിൽ പോലീസുകാർക്കു വടകര മുൻസീഫിൻെറ കോട്ടും പോക്കററുവാച്ചും കണ്ടുകിട്ടി. അതിന്നുപുറമെ ഒരു വിരൽ നീളത്തിലും അര ഇഞ്ച് കനത്തിലുമായി പതിനേഴ് കട്ടിസ്വർണ്ണവും കിട്ടി.

തലശ്ശേരി സെഷൻസ്സിലായിരുന്നു അവറാൻെറ കേസ്സു വിചാരണ. പത്തുകൊല്ലം കഠിനതടവിന്ന് വിധിക്കപ്പെട്ടശേഷം ജയിലേക്കു കൊണ്ടുപോകുമ്പോൾ പത്തുദിവസം താൻ അവിടെ കിടക്കുകയില്ലെന്നു അവൻ പറഞ്ഞത് എല്ലാവരേയും ചിരിപ്പിച്ചു. എന്നാൽ പോലീസ്സിൻസ്പെക്ടർക്കുമാത്രം മനസ്സിൽ ശങ്കയുണ്ടാവാതിരുന്നില്ല. അതിനാൽ ജയിൽ പാറാവുകാരൻ എപ്പോഴും ജയിലിന്നു ചുററും നടന്നുകൊള്ളണമെന്നു അദ്ദേഹം കല്പിച്ചു.

ചിപ്പഅവറാനെ ജയിലിലിട്ടശേഷം എട്ടാംദിവസം രാത്രി 12 മണി മുതൽ 3 മണിവരെയുള്ള പാറാവുകാരനിൽ നിന്ന് പിന്നത്തെ പാറാവുകാരൻ ജയിലിൻെറ ചാർജ് ഏററുവാങ്ങിയപ്പോൾ അവറാനെ മുറിയിൽ കാണാനുണ്ടായിരുന്നില്ല. വാതിലിൻെറ ഇരുമ്പഴി മുറിച്ച് മേല്പോട്ടു വളച്ചിട്ടിരിക്കുന്നു. സമീപത്തുതന്നെ ഒരു അരവും കാണുന്നുണ്ട്. ദേഹം മുഴുവൻ പരിശോധിച്ചിട്ടല്ലെ അവനെ മുറിയിലടച്ചത്? പിന്നെ അരം എവിടെനിന്നു കിട്ടി? അവറാൻെറ സ്നേഹിതന്മാരുടെ അപേക്ഷയനുസരിച്ചു അവന്നു സ്വന്തം ചെലവ് അനുവദിക്കപ്പെട്ടിരുന്നുവെങ്കിലും ഭക്ഷണം കൊണ്ടുവരുന്നവരെ നല്ലവണ്ണം പരിശോധിച്ച ശേഷമല്ലെ ഇതുവരെ അകത്തു കടത്തിയിട്ടുള്ളു? അതെ, സ്നേഹിതന്മാർ കൊണ്ടുകൊടുക്കുന്ന ചോറിന്നടിയിൽവെച്ച് ഒരു അരം അവന്നു കിട്ടിയ കള്ളി ആരും അറിഞ്ഞിരുന്നില്ല.

കൊല്ലം ഒന്നു പിന്നേയും കഴിഞ്ഞു. ചീപ്പ്അവറാനെ പററി യാതൊരു തുമ്പുമില്ല. പോലീസ്സിൻെറ അന്വേഷണം ജാഗ്രതയായി നടന്നുവരുന്നുണ്ട്. അങ്ങിനെയിരിക്കെ ഒരു ദിവസം വളരെ അഗതിയായ ഒരു വൃദ്ധൻ വടകര അങ്ങാടിയിൽ വെച്ചു പലതരത്തിലുള്ള പലഹാരങ്ങളും മററും വാങ്ങുമ്പോൾ കീഴ്ക്കടെ ഉണ്ടാവാത്തതായ ആ കാഴ്ച കണ്ട് അത്ഭുതപ്പെട്ട ചില ചെറുപ്പക്കാർ, 'എന്താകാരണരെ വിശേഷിച്ച്! ഇന്നു ഭാര്യവീട്ടിൽ പോകാൻ തീർച്ചയാക്കിയോ' എന്നും മററും പറഞ്ഞു വൃദ്ധന്ന് ചുററും കൂടി പരിഹസിക്കുവാൻ തുടങ്ങി. അപ്പോൾ ഒരു പോലീസുകാരൻ ആ വഴിയെ വന്നു വൃദ്ധനോടു സംഗതിയെന്തെന്നു ചോദിക്കുകയും, തൻെറ വീട്ടിൽ അപരിചിതനായ ഒരു മാപ്പിള വന്നു കുററെ പലഹാരങ്ങൾ വാങ്ങിവരുവാൻ പറഞ്ഞു തനിക്കു അഞ്ചുറുപ്പിക തന്നതായി കിഴവൻ പ്രസ്താവിക്കുകയും ചെയ്തു. അതിഥിയുടെ അംഗലക്ഷണങ്ങൾ വൃദ്ധനിൽനിന്നറിഞ്ഞ കൺസ്റ്റബിൾ സ്റ്റേഷനിലേക്കോടി, ചീപ്പ്അവറാൻ വയലിന്നക്കരെയുള്ള ഒരു കിഴവൻെറവീട്ടിൽ ഉണ്ടെന്നു ഇൻസ്പെക്ടരോടു പറഞ്ഞു. കൺമിഴിച്ചടക്കുന്ന നേരംകൊണ്ടു ഇൻസ്പെക്ടർ പോലീസ് സംഘത്തോടുകൂടി സ്ഥലത്തെത്തി. ചീപ്പ്അവറാൻ ഒരു തിണ്ണമേലിരുന്നു പലഹാരങ്ങൾ തിന്നുകയായിരുന്നു. ഇൻസ്പെക്ടർ മുമ്പോട്ടു ചെന്നു 'അവറാൻ, ഇവിടെ വാ' എന്നു പറഞ്ഞു 'ഇത് തിന്നു കഴിയട്ടെ' എന്നായിരുന്നു മറുപടി. ഭക്ഷണം കഴിഞ്ഞശേഷം നിവന്നെഴുനേററുനിന്നുകൊണ്ടു ആ തസ്കരപ്രമാണി ചോദിച്ചു:—'ഞാൻ അങ്ങോട്ട് വരണോ'.

ഇൻസ്പെക്ടർ;—'എന്താ, പറഞ്ഞത് കേട്ടില്ലെന്നുണ്ടോ' 'എന്നാൽ വന്നു കളയാം' എന്നു പറഞ്ഞുകൊണ്ടു ഉടുപ്പിന്നുള്ളിൽനിന്ന് ഒരു തിളങ്ങുന്ന കഠാരി ഊരിയെടുത്തു അവൻ ഇൻസ്പെക്ടരുടെ നേരെ ഓടിയടുത്തു. റിവോൾവർ കയ്യിലുണ്ടായിരുന്നുവെങ്കിലും, അപ്രതീക്ഷിതമായ ആ സംഭവത്താൽ പരിഭ്രമിച്ച ഇൻസ്പെക്ടരുടെ കയ്യിൽനിന്നു അതു താഴെ വീണുപോയി. എങ്കിലും അപ്പോൾ വിധി അവറാന്നു വിപരീതമായിരുന്നു. അനാശാസ്യ സംഭവങ്ങൾക്കിടയാകുന്നതിന്നു മുമ്പ് ഇൻസ്പെക്ടരുടെ അടുത്തുനിന്നിരുന്ന ഹെഡ്കോൺസ്റ്റബൾ വീണു കിടക്കുന്ന കയ്ത്തോക്ക് എടുക്കലും പൊട്ടിക്കലും ഒരുമിച്ചുകഴിഞ്ഞു. കാലിൻെറ 'കരിന്തുട' എന്ന മർമ്മത്തിന്നായിരുന്നു വെടി. വെടികൊണ്ടശേഷം അവറാൻ നേരെ വയലിലിറങ്ങി ഓടുകയാണുണ്ടായത്. രണ്ടുഫർല്ലോങ്ങ് ഓടിയപ്പോഴെക്കും വഴിക്കലുണ്ടായിരുന്ന ഒരു കല്ല് തടഞ്ഞു താഴെ വീണു. പിന്നെ അവിടെ നിന്ന് എഴുനേററിട്ടില്ല.

അങ്ങിനെ, ധീരനും യുദ്ധവിദഗ്ദ്ധനുമായ ചീപ്പ്അവറാൻെറ ജീവിതനാടകത്തിലെ ഭരതവാക്യം ചൊല്ലിക്കഴിഞ്ഞു. മരിക്കുമ്പോൾ അവന്നു നാല്പത്‌വയസ്സ്പ്രായമേ ആയിരുന്നുള്ളു. ശരിയായ വിദ്യാഭ്യാസവും മനസ്സംസ്കാരവും സിദ്ധിക്കാതിരു

ന്നതിനാൽ അവൻ തന്റെ സാമത്ഥ്യം ദുർമ്മാർഗ്ഗത്തിലാണ് വിനിയോഗിച്ചത്. പ്രത്യുത അതു് സൽപ്രവൃത്തികൾക്കുപയോഗിച്ചിരുന്നുവെങ്കിൽ കേരളചരിത്രത്തിൽ തങ്കലിപികളിൽ എഴുതുവാൻ യോഗ്യതയുള്ള ഒന്നാകുമായിന്നു അവന്റെ കഥ.

സി. നാരായണൻനായർ,
സീനിയർ ഇന്റർമിഡിയററു.



*By* A. Balakrishnan Nambiar, J. I.

# താളിക്കാരി.

(കേക)

ഭാവിതാത്മാവായ്ക്കാവ്യമാതിനെദ്ധ്യാനിച്ചുംകൊ-
ണ്ടാവിലമനസ്സോടെപ്പൂമുഖത്തിരിയ്ക്കെ ഞാൻ
കേട്ടിതുമനോഹരശബ്ദമൊന്നാളേ,ണ്ണോയെ-
ന്നേററവുംവിനീതമായ് ചോദ്യംചെയ്തീടുന്നതായ്
കണ്ണുകൾകടലാസ്സിൽനിന്നുഞാനുയർത്തവേ
കണ്ടിതുകുതൂഹലപ്രദമാംകാഴ്ചയേകം.
സഹജസൌന്ദര്യത്തിന്നാദർശമായുള്ളൊരു
തരുണീമണിയുണ്ടുമുററത്തുനിന്നീടുന്നു.

ഉല്ലാസംതിളങ്ങുന്ന ചോദ്യമാവത്തിക്കുംപോ-
ലെന്മുഖത്തുററുനോക്കുമാനീലനേത്രങ്ങളിൽ.
ചിത്തതുഷ്ടിയുമേറാം തൃപ്തഭാവവുംസദാ
വക്ത്രരംഗത്തിൽഭംഗ്യാനർത്തനംചെയ്തീടുന്നു.
പതിനേഴിലുമേറെയായില്ലാ; തൻ ചിത്തത്തിൽ
പതിഞ്ഞിട്ടില്ലിരുണ്ടോരല്ലിൻറനിഴലൊട്ടും
മാലിന്യമാർന്നൊരുടുവസ്ത്രമക്കളേബര-
ലാളിത്യമേററാൻമാത്രം ശക്തമായ്ത്തീരുന്നില്ലാ.
വേണിയിൽതിരുകിയവെളുത്തശംഖുപുഷ്പം
നീലവാനിലെവെള്ളിനക്ഷത്രംപോലെമിന്നി.
എളിയജീവിതത്തിൽസന്തുഷ്ടിയേററീടുമീ-
യെഴുത്തുശീലിക്കാത്തോൾധന്യരിൽധന്യയല്ലോ.
പ്രേമമാംപുഴുക്കുത്തുപററാത്തനിന്മാനസ-
സൂനമിന്നോമലേ! സ്നേഹത്തുമധുപൂർണ്ണം.
ബാഹ്യമോടികളെല്ലാംതുച്ഛമെന്നോർത്തിടുനീ
മാനസപവിത്രതയ്ക്കൊററൊരുസങ്കേതമേ!
താരകാവലിചൂടുംനിശയേക്കാളുമേറെ
ബ്ഭാസ്കരപ്രകാശത്തിൽശോഭിപ്പൂദിനാംഗന.
സംതൃപ്തിസമ്പന്നയായ് തീർത്തിതുനിന്നെ; ഞാനു-
മത്യന്തമസൂയാലുസോദരി, നിന്നിലിത്രം!
ദുർല്ലഭപ്രവേശനമാകുമപ്രശാന്തതാ-
സാമ്രാജ്യത്തിലുംനിത്യവിരുന്നുകാരിയാംനീ.
കാപട്യച്ഛായംചേർത്തപരിഷ്കാരത്തിൻമങ്ങി-
മാഞ്ഞുപോംപുറംപൂച്ചിലൊട്ടുംനിഭ്രമിയ്ക്കൊലാ.
നൈർമ്മല്യംനിത്യഭൂഷചേർത്താമാനന്ദത്തിൻ
കതിരേ! വിഹരിയ്ക്കു! സ്വാതന്ത്ര്യപ്പൂംതെന്നലിൽ

സി. കൌമുദീദേവി
(പൂർവ്വവിദ്യാർത്ഥിനി)

# വിധിവൈപരീത്യം.

കോൺപൂരിലെ പ്രധാനന്മാരായ രണ്ടു വർത്തകപ്രമാണികളാണ് "കുമാരലാലും", "രാമപാലനും". അയൽവീട്ടുകാരായ ഈ രണ്ടു മഹാന്മാരുടെ കുടുംബങ്ങളും പണ്ടേക്കുപണ്ടേ അളവററ സൌഹാർദ്ദനിലയിൽ കഴിഞ്ഞുകൂടുകയായിരുന്നു. "കുമാരലാലി"ന്റെ ഏക സന്താനമായിരുന്ന "രാമമോഹനൻ" ആ നാട്ടിലെ ചെറുപ്പക്കാരുടെ കൂട്ടത്തിൽ പ്രഥമഗണനീയനായിരുന്നു. ചെറുപ്പത്തിൽതന്നെ അമ്മ മരിച്ചുപോവുകയാൽ രാമമോഹനന്റെ അച്ഛൻ അദ്ദേഹത്തെ അതിരററ വാത്സല്യത്തോടുകൂടെ വളർത്തിവന്നു. രാമപാലനും, അദ്ദേഹത്തിന്റെ ഭാര്യ "കാന്തിമതീദേവിയ്ക്കും" "കമല" എന്ന ഏക പുത്രി മാത്രമേ ഉണ്ടായിരുന്നുള്ളു. രാമമോഹനനും, കമലയും ചെറുപ്പത്തിൽതന്നെ ഒന്നിച്ചു കളിച്ചു വളൎന്നവരായിരുന്നു.

ഒരു ദിവസം സായാഹ്നത്തിൽ കുമാരലാൽ തന്റെ വീട്ടിന്റെ പൂമുഖത്ത് ഇട്ടിരുന്ന ഒരു ചാരുകസേരയിൽ ഇരിക്കുമ്പോൾ രാമപാലൻ വീട്ടിലേക്കുവന്നു. അദ്ദേഹത്തിന്നു ഇരിക്കുവാൻ ഒരു ആസനം നല്കിയശേഷം കുമാരലാൽ അദ്ദേഹത്തോടു കുശലപ്രശ്നങ്ങൾ ചെയ്തു.

അവർ ഓരോ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കെ കാമപാലൻ ഇപ്രകാരം പറഞ്ഞു:—"ഞാൻ വളരെ കാലമായി വിചാരിച്ചുവന്നിരുന്നതും, താങ്കൾക്ക് വിസമ്മതം ഉണ്ടാവുകയില്ലെന്ന് ഞാൻ വിശ്വസിക്കുന്നതുമായ ഒരു കാര്യം എനിക്കു നിങ്ങളെ അറിയിക്കുവാനുണ്ട്."

കു. ലം:—"കാര്യം എന്തുതന്നെയായാലും ഞാൻ അതു കേൾക്കുവാൻ സന്നദ്ധനാകുന്നു."

രാ. പാ:—"രാമമോഹനനെക്കൊണ്ട് എന്റെ പുത്രി കമലയെ വിവാഹം ചെയ്യിക്കണമെന്നതാണ് എന്റെ ആഗ്രഹം. ഈ ആഗ്രഹം സഫലമായാൽ എന്റെ ജന്മവും സഫലമായി."

കു. ലാ:—"ഞാൻ വളരെകാലമായി ആശിച്ചുവന്നിരുന്ന ഒന്നാണ് ഇത്. ഇന്നാണ് എന്റെ ആശയാകുന്ന വൃക്ഷം പുഷ്പിച്ചത്. പക്ഷെ എനിക്കു ഈ കാര്യത്തിൽ ഒരു വ്യസനം മാത്രമേയുള്ളു. അതെന്തെന്നാൽ, സന്തോഷപ്രദമായ ഈ സംഭവത്തിൽ പങ്കുകൊള്ളുവാൻ അവന്റെ അമ്മകൂടി ഉണ്ടായില്ലല്ലൊ എന്നതാണ് ആ വ്യസനം. എന്തുചെയ്യാം. എല്ലാം ദൈവവിധി."

കാ. പാ:—"സുനിശ്ചിതമായ മരണത്തെക്കുറിച്ച് വിശാലമനസ്കനായ താങ്കൾ ഇത്രമാത്രം വ്യസനിക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ഏതായാലും ഈ വക ദുഃഖപഞ്ചാംഗങ്ങളൊന്നും നിങ്ങളുടെ മകനെ ഓർത്തിട്ടെങ്കിലും കെട്ടഴിക്കാതിരിക്കണം."

കു. ലാ:_"ശരി, ഞാൻ ധൈര്യ്യമവലംബിച്ചുകൊള്ളാം. ഏതായാലും രാമമോഹനന്റേയും കമലയുടേയും വിവാഹം അടുത്തദിവസംതന്നെ നടത്തണം".

കുറച്ചുനേരവുംകൂടി സംസാരിച്ചതിനുശേഷം രാമപാലൻ യാത്ര പറഞ്ഞു പിരിഞ്ഞു.

അടുത്തദിവസംതന്നെ "കമലാമോഹനന്മാരു"ടെ വിവാഹം കൊണ്ടാടപ്പെട്ടു. വിവാഹാനന്തരം തങ്ങളുടെ "മധുവിധു കൊണ്ടാടുവാൻവേണ്ടി ആ യുവദമ്പതികൾ ചില പുണ്യസ്ഥലങ്ങളിൽ തീർത്ഥാടനത്തിന്നു പോയിരുന്നു. ഇവർ സ്വദേശത്തിൽ ഇല്ലാതിരുന്നസമയത്ത് കമലയുടെ അച്ഛനായ രാമപാലന്നു ഒരു കലശലായ രോഗം പിടിപെട്ടു. അനവധി ജനങ്ങളുടെ ശുശ്രൂഷയും, നിരവധി ഡോക്ടർമാരുടെ ചികിത്സയും ഉണ്ടായിരുന്നിട്ടുംകൂടി രാമപാലൻ ഇഹലോകവാസം വെടിഞ്ഞു.

കമലാമോഹനന്മാർ സ്വദേശത്തേക്ക് തിരിച്ചുവന്നപ്പോൾ ആദ്യമായി ഈ വ്യസനവാർത്തയാണ് അറിഞ്ഞത്. ഹൃദയഭേദകമായ ഈ വിവരം അറിഞ്ഞ മാത്രയിൽതന്നെ കമലയുടെ നയനങ്ങൾ ദുഃഖകലുഷിതമായിത്തീൎന്നു. പക്ഷെ അനവധി ജനങ്ങളുടെ സമാധാനപരമായ വാക്കുകളാൽ കമലയുടെ ആ കഠിനദുഃഖത്തിന്നു തൽകാലശമനം ലഭിച്ചു. കാലതാമസം കൂടാതെതന്നെ തന്റെ ആത്മമിത്രമായ രാമപാലന്റെ വിയോഗദുഃഖത്തിൽ മുഴുകി കിടന്നിരുന്ന കുമാരലാലും രോഗപീഡക്ക് അധീനനായി. തന്റെ ഏകപുത്രനേയും വാത്സല്യാധാമമായ പുത്രഭാൎയ്യയേയും കൈവെടിഞ്ഞു, ഈ ലോകത്തിൽനിന്ന് ദിവംഗതനായി. ഇങ്ങിനെ അടിക്കടി സംഭവിച്ചുകൊണ്ടിരുന്ന ദുഃഖഹേതുവാൽ കമലയുടെ അമ്മയും കാലവിളംബമെന്യെ മരണത്തെ വരിച്ചു.

തന്റെ അച്ഛന്റെ സ്വത്തിന്നും കമലയുടെ അച്ഛന്റെ സ്വത്തിന്നും എല്ലാം ഇപ്പോൾ രാമമോഹനൻ അധികാരിയായിത്തീൎന്നു. സ്വാൎത്ഥം, വഞ്ചന, ചതി, കാപട്യം എന്നുതുടങ്ങിയ വിവിധതരത്തിലും ജീവിതം നയിക്കുന്ന ഇന്നത്തെ ലോകത്തിൽ, അകളങ്കവും, നിസ്വാൎത്ഥവും ആയ മനസ്ഥിതിയോടുകൂടിയ രാമമോഹനന്നും മററും എങ്ങിനെയാണ് ജീവിക്കുവാൻ സാധിക്കുക. രാമപാലന്റേയും, കുമാരലാലിന്റേയും, വലിയ രണ്ടു പാണ്ടികശാലകളും ഇപ്പോൾ രാമമോഹനന്റെ കീഴിൽ ആയിത്തീൎന്നു. കച്ചവടത്തിൽ യാതൊരു പരിചയവും ഇല്ലാതിരുന്ന രാമമോഹനന്ന്, അതിൽനിന്ന് ആദായത്തിന്നു പകരം കടമാണ് ഉണ്ടായത്. അധികദിവസം കഴിയുന്നതിന്നുമുമ്പുതന്നെ രണ്ടു പാണ്ടികശാലകളും പൂട്ടുകയാണ് ഉണ്ടായത്. കച്ചവടം തുടങ്ങുവാൻവേണ്ടി രാമപാലൻ കുറെ പണം ചിലരുടെ കയ്യിൽനിന്നെല്ലാം കടം വാങ്ങിയിട്ടുണ്ടായിരുന്നു. ഈ കടക്കാർ രാമപാലൻ മരിച്ചപ്പോൾ പണത്തിന്നുവേണ്ടി രാമമോഹനനോട് ആവശ്യപ്പെട്ടു. ആ കടം വീട്ടുവാൻവേണ്ടി രാമമോഹനൻ അദ്ദേഹത്തിന്റെ രണ്ടു വീടുകളിൽ ഒന്ന് വില്ക്കുകയാണ് ഉണ്ടായത്. ഈ അവസരത്തിൽ രാമമോഹനന്ന് വലിയ ഒരു കഷ്ടം സംഭവിച്ചു.

വളരെ കാലമായി ഉദ്യോഗാൎത്ഥം വിദേശരാജ്യങ്ങളിൽ ആയിരുന്ന ആളും, കുമാർലാലിൻെറ ഒരു കുടുംബാംഗവുമായിരുന്ന ഒരാൾ, കുമാരലാലിൻെറ സ്വത്തിനെല്ലാം താനാണ അവകാശി എന്നും മററും പറഞ്ഞു രാമമോഹനൻെറ പേരിൽ കേസ്സു കൊടുത്തു. രാമമോഹനൻ ത്രിവിധകരണങ്ങളാലും ആ അവകാശത്തിനെ എതൃത്തുവെങ്കിലും നിൎഭാഗ്യവശാൽ സ്വത്തിൻെറ അവകാശി രാമമോഹനനല്ലെന്നും, കേസ്സു നടത്തുവാൻ ചെലവായ പണം അയാൾക്കു് രാമമോഹനൻ കൊടുക്കേണമെന്നും വിധിയായി. ഈ പണം രാമമോഹനൻെറ കൈവശം ഉണ്ടായിരുന്നില്ല. അതിന്നായി അദ്ദേഹം താമസിച്ചിരുന്ന വീടും വിററു.

രാമമോഹനന്ന് ഇന്നു് ജീവിതത്തിന്നു യാതൊരു നിൎവ്വാഹവുമുണ്ടായിരുന്നില്ല. ആ യുവദമ്പതികൾ ഭിക്ഷാടനത്തിന്നു ഒരുങ്ങി പുറപ്പെട്ടു. ഹൃദയഭേദകമായ ആ കാഴ്ച ഏതു ശിലാഹൃദയത്തേയും അലിയിക്കുന്ന ഒന്നായിരുന്നു. ആ കാലത്ത് നാട്ടിലെല്ലാം അതികഠിനമായ ഒരു ക്ഷാമം ബാധിച്ചിരുന്നു. ഭിക്ഷയുംകൂടി കിട്ടാതെകണ്ടായപ്പോൾ ആ ദമ്പതിമാർ പട്ടിണിയെ ശരണം പ്രാപിച്ചു. ഒരുദിവസം രാമമോഹനൻ പുറമെയെങ്ങോ പോയി മടങ്ങിവന്നപ്പോൾ കണ്ട കാഴ്ച—മൎമ്മഭേദകമായ ആ കാഴ്ച—അദ്ദേഹത്തെ തപ്തഹൃദയനാക്കിതീൎത്തു. തൻെറ പ്രാണപ്രേയസിയായ കമല വെറും നിലത്തു കിടന്ന് ഉറങ്ങുന്നു. ആ ഉറക്കം എന്നെന്നേക്കുമായ ഒന്നായി. അതിൽനിന്നു അവൾ ഒരിക്കലും ഉണൎന്നിട്ടില്ല. വിജയലക്ഷ്മി അവളുടെ മുഖത്തുനിന്ന് എന്നെന്നേക്കുമായി യാത്ര പറഞ്ഞു പിരിഞ്ഞിരുന്നു. രാമമോഹനന്നു തൻെറ സ്ഥിരബുദ്ധിതന്നെ കൈവെടിയുന്നതായി തോന്നി. "കമലാമോഹനന്മാരു"ടെ ദാമ്പത്യജീവിതം, വിധിവൈപരീത്യത്താൽ ഇപ്രകാരം നിണമണിയലിൽ കലാശിച്ചു.

ശുഭം.

സി. മദനഗോപാലൻ,
ആറാംഫോറം.

UNIVERSITY LIBRARY.
10 OCT 1948
MADRAS.